9 -ാം വർഷം
2025
മെയ് 25
ഉയിർപ്പ് ആറാം ഞായർ



# Laity Reflect on
## SYRO-MALABAR SUNDAY MASS SCRIPTURE READINGS



# എല്ലാവരും ക്രിസ്തുവിൽ ഒന്ന്

ഏശ 53:7-12, എഫേ 2:11-22, യോഹ 17:20-26

### പൊടിമീശക്കാരന്റെ സംശയം

11-ാം ക്ലാസ്സിന്റെ വിശ്വാസ പരിശീലനക്ലാസ്സ്. 6 പെൺകുട്ടികളും 4 ആൺകുട്ടികളുമുള്ള ക്ലാസ്സ്. സീറോമലബാർ സഭ പരിഷ്കരിച്ച പുതിയ പാഠപുസ്തകമാണ്. 11 -ാം ക്ലാസ്സിലെ കുട്ടികൾക്ക് പഠിക്കാനും പഠിപ്പിക്കാനും വളരെയേറെ ബുദ്ധിമുട്ടിക്കുന്ന സിലബസ്സും പാഠഭാഗങ്ങളും. അന്ന് വായിച്ച ലേഖനഭാഗം പൗലോസ് ശ്ലീഹ എഫേസൂസ്കാർക്കെഴുതിയ ലേഖനം 2ാം അദ്ധ്യായം 11- 22 വരെയുള്ള വാക്യങ്ങളാണ്.

പൊടി മീശക്കാരന്റെ സംശയം എഫേ. : 14-ാം വാക്യത്തെ കുറിച്ചാണ്. കാരണം അവൻ നമ്മുടെ സമാധാനമാണ്. ഇരുകൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു'. എന്തുകൊണ്ട് ഇന്ന് ഈ ശത്രുതയുടെ മതിലുകൾ കൂടുതലായി ഉയർന്നു വരുന്നു? അവന്റെ ചോദ്യം ന്യായം തന്നെ. ഉത്തരം പറയാൻ അല്പം ബുദ്ധിമുട്ടി. കാരണം നിലവിലുള്ള ഒരു ഉദാഹരണവും, എന്നെയും അവനെയും തൃപ്തിപെടുത്തില്ല. അതുകൊണ്ട് തന്നെ ഈ ലേഖനത്തിന്റെ അവസാന ഭാഗത്തേക്ക് അവന്റെ ശ്രദ്ധയെ തിരിച്ചു വിട്ടു. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഈ ഭവനമൊന്നാകെ സമന്വയപ്പെട്ടിരിക്കുന്നു (എഫേ:20, 21). സഭയുടെ മൂലക്കല്ല് ക്രിസ്തുവാണ്. നമ്മളെല്ലാവരും കല്ലാണ്. സഭയുടെ ദൃഢതക്കു വേണ്ടി പല കല്ലുകളും വെട്ടി, തേച്ച് മിനുക്കി ഷേപ് ആക്കണം. ഈ തേച്ചുമിനുക്കലിന് പലരുടെയും അഹംഭാവവും ധാർഷ്ട്യവുമൊക്കെ സമ്മതിക്കാത്തതാണ് ഈ ശത്രുതക്ക് കാരണം. 'ഈശോയെന്ന സമാധാനം' ലഭ്യമാകണമെങ്കിൽ ക്രിസ്തുവെന്ന മൂലക്കല്ലിന്മേൽ തന്നെ ആലയം



മിനി പോൾ

പണിയണം. ഇന്നു പണിയുന്നത് ക്രിസ്തുവിന്റെ ആലയമല്ല. പകരം സഭക്ക് വേണ്ടി ആലയങ്ങളും, കുരിശടികളും, പാരിഷ് ഹാളും, വിശ്വാസപരിശീലന കേന്ദ്രങ്ങളുമൊക്കെ കെട്ടിപ്പൊക്കുന്ന തിരക്കിലാണ് സഭാമക്കൾ. അതുകൊണ്ട് തന്നെ അവിശ്വാസികൾക്ക് വിശ്വസിക്കാനാവാത്ത വിധം സഭ ഭിന്നിക്കപ്പെട്ടിരിക്കുന്നു. നമ്മൾക്കെല്ലാവർക്കും ദൈവാനുഗ്രഹം വേണം. പക്ഷെ ദൈവഹിതമനുസരിച്ച് ജീവിക്കാൻ കഴിയുന്നില്ല. പൊടിമീശകാരന്റെ ചോദ്യത്തെ തുടർന്ന് കുട്ടികൾ ഇന്നത്തെ സാഹചര്യവുമായി കോർത്തിണക്കി പല ചോദ്യങ്ങളും ചോദിച്ചു. പലതിനും ഒരു വിശ്വാസപരിശീലക എന്ന നിലയിൽ ഉത്തരം പറയാൻ ശ്രമിച്ചെങ്കിലും, പലതിനെയും നേരിടാൻ ബുദ്ധിമുട്ടി.

## എന്തുകൊണ്ട് ഐക്യത? എന്തിനുവേണ്ടി ഐക്യത?

വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായം യേശുവിന്റെ വിടവാങ്ങൽ പ്രസംഗത്തിനുമുൻപായി നടത്തുന്ന നീണ്ട പ്രാർത്ഥനയാണ്. തന്നോട് ചേർത്തു നിർത്തിയ പ്രിയപ്പെട്ട ശിഷ്യർക്ക് വേണ്ടിയാണ് ഈ പ്രാർത്ഥന. ഈ പ്രാർത്ഥന യേശുവിന്റെ ജീവിത ലക്ഷ്യവും സാക്ഷ്യവുമാണ്. ഈ പ്രാർത്ഥനയിലുടനീളം തന്റെ ശിഷ്യരെ കുറിച്ചുള്ള ആകുലതയാണ്. തന്റെ ശിഷ്യരെ ലോകം വെറുക്കും. തന്നോടൊപ്പം ആയിരുന്നപ്പോൾ അവർ സംരക്ഷിക്കപ്പെട്ടു. വി യോഹ:21-23 വാക്യങ്ങൾ പറയുന്നത് ശിഷ്യരുടെ വചനം കേട്ട് എല്ലാവരും ഒന്നായിരിക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. പിതാവായ ദൈവവും, പുത്രനും തമ്മിൽ ഐക്യപെട്ടിരിക്കുന്നതുപോലെ വിശ്വാസികളും, ഐക്യപെട്ടിരിക്കണം. വിശ്വാസികൾക്ക് പിതാവായ ദൈവവുമായും, വിശ്വാസികൾ തമ്മിലും ഐക്യം ഉണ്ടാകണം. വി.യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ 3 പ്രാവശ്യം പറയുന്ന വചനം - പിതാവേ നമ്മൾ ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാകണം. തന്റെ ശരീരമാകുന്ന സഭ ഒന്നിച്ചു നിലക്കണം. വിശ്വാസികൾ തമ്മിലുള്ള ബന്ധം ജീവസുറ്റതാണെങ്കിൽ മാത്രമെ ഈ ഐക്യം പ്രകാശിക്കുകയുള്ളു. വിശ്വാസികൾ തമ്മിലും, ദൈവവുമായും ഐക്യതയില്ലെങ്കിൽ എങ്ങനെ അവിശ്വാസികളെ വിശ്വാസത്തിലേക്ക് നയിക്കാനാവും? ഇന്നു സഭയിലെ ഭിന്നിപ്പ് യുവാക്കളായ വിശ്വാസികളെ സഭയിൽ നിന്നും അകറ്റുകയല്ലേ? തന്നിൽ വിശ്വസിക്കുന്നവർ ജീവിക്കുമ്പോഴും, മരണശേഷവും തന്നോടൊപ്പമായിരിക്കുമ്പോഴാണ് ഈ ഐക്യം പരിശുദ്ധാത്മാവിനാൽ പൂർത്തിയാക്കപ്പെടുന്നത്. ശിഷ്യരുടെ വചനം കേട്ടു വേണം വിശ്വാസികൾ ഒന്നായിരിക്കേണ്ടത്. 20-26 വരെയുള്ള വാക്യങ്ങളിൽ വിശ്വാസികൾ ഒന്നായിരിക്കണമെന്ന് ആവർത്തിച്ച് 5 പ്രാവശ്യം പറയുന്നുണ്ട്. എന്തിനുവേണ്ടിയാണ് ഈ ഐക്യം എന്ന് പല പ്രാവശ്യം ഈ ബൈബിൾ വിചിന്തനത്തിൽ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. 'പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കണം'. യേശു പിതാവിന്റെ അടുത്തേക്ക് പോയി കഴിയുമ്പോൾ ശിഷ്യന്മാർ ലോകത്തിൽ വെറുക്കപ്പെടുമെന്നും, അവരെ ദുഷ്ടനിൽ നിന്ന് കാത്തു കൊള്ളണമെന്നും അവിടുന്ന് പ്രാർത്ഥിക്കുന്നു. ഈ അദ്ധ്യായത്തിൽ ലോകം എന്ന വാക്ക് 13 പ്രാവശ്യവും, ഒന്നായിരിക്കണമെന്നത് 5 പ്രാവശ്യവും രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങ് എന്നെ ലോകത്തിലേക്കയച്ചപ്പോൾ എന്നെ മഹത്വീകരിച്ചതു പോലെ എന്റെ ശിഷ്യരേയും, അവരുടെ വചനംമൂലം വിശ്വാസികളായവരെയും ചേർത്തുപിടിച്ച് സംരക്ഷിക്കണമെന്ന് യേശു ആവർത്തിച്ചു പ്രാർത്ഥിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സാക്ഷ്യമായി പിതാവായ ദൈവത്തോടും, പുത്രനായ ക്രിസ്തുവിനോടും ചേർന്ന് വിശ്വാസം സംരക്ഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളിൽ ലോകം എത്ര വെറുത്താലും എത്ര പീഢകൾ സഹിക്കേണ്ടി വന്നാലും വിശ്വാസസാക്ഷ്യത്തിനായി ജീവിതം സമർപ്പിച്ചവരെ യേശു കൈവിടുകയില്ലെന്നും, പിതാവായ ദൈവത്തിന്റെ സംരക്ഷണം ഉണ്ടാകുമെന്നും ഈ വചനചിന്ത നമ്മുക്ക് ഉറപ്പും ഉണർവും നല്കുന്നു.

## ക്രിസ്തുശിഷ്യൻ ഒരു മജീഷ്യനല്ല, സിദ്ധനുമല്ല

ഒരു ശിഷ്യൻ ദിവ്യനായ ഗുരുവിന്റെ അടുക്കൽ ശിഷ്യത്വം സ്വീകരിക്കാൻ വന്നു. ശിഷ്യന് കുറച്ചു ദിവസം ഗുരുകുലത്തിൽ താമസിച്ചിട്ടും ഗുരുവിനെ ഇഷ്ടപ്പെട്ടില്ല. ശിഷ്യൻ മറ്റൊരു നല്ല ഗുരുവിനെ അന്വേഷിച്ച് പുറപ്പെട്ടു. വർഷങ്ങൾക്ക് ശേഷം ആ ശിഷ്യൻ ഗുരുവിനെ കാണാൻ വന്നു. ഗുരു ചോദിച്ചു, നീ നേടിയ പുതിയ അറിവുകൾ പറയൂ. ശിഷ്യൻ പറഞ്ഞു, ഞാൻ കുറെ സിദ്ധികളൊക്കെ നേടി. ഗുരു ആകാംഷയോടെ ചോദിച്ചു, ഒരു സിദ്ധി പറയു. ശിഷ്യൻ പറഞ്ഞു, എനിക്ക് വെള്ളത്തിന് മുകളിലൂടെ നടക്കാൻ സാധിക്കും. ഗുരു ചോദിച്ചു, വെള്ളത്തിന് മുകളിൽ കൂടി നടക്കാൻ സിദ്ധിയുള്ള നീ വെള്ളത്തിൽ വീണ എത്ര മനുഷ്യരെ രക്ഷിച്ചിട്ടുണ്ട്? ശിഷ്യൻ പറഞ്ഞു, ആരെയും രക്ഷിച്ചിട്ടില്ല.

എത്ര സിദ്ധികൾ ലഭിച്ചാലും ഒരു മനുഷ്യന്റെ കണ്ണീരൊപ്പാൻ, അവനെ കേൾക്കാൻ, അവനെ കൈപിടിച്ചുയർത്താൻ, അവനെ രക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ സിദ്ധികൾ ആർക്കും വേണ്ടാത്ത കരിയില വെള്ളത്തിനു മുകളിൽ ഒഴുകിനടക്കുന്നതു പോലെയിരിക്കും. ബോബിയച്ചൻ പറയുന്നതു പോലെ യഥാർത്ഥ ക്രിസ്തുശിഷ്യൻ മജീഷ്യനോ, സിദ്ധനോ അല്ല. രക്തസ്രാവക്കാരിക്ക് രോഗശാന്തി നല്കിയ, പാപിനിയായ സ്ത്രീക്ക് പാപമോചനം നല്കിയ, വിധവയുടെ മകനെ ഉയിർപ്പിച്ച, ലോകത്തിന്റെ കരുണ എത്താത്തയിടങ്ങളിൽ കരുണയേകിയ തീക്ഷ്ണമായ കണ്ണുകളുള്ള ആ താടിക്കാരനെ പോലെ മനുഷ്യനിലെ നിസ്സഹായതയെ കണ്ടറിഞ്ഞ് അവന് നേരെ കൈനീട്ടി പിടിച്ചെഴുന്നേല്പിക്കുന്നവരാണ് യഥാർത്ഥ ക്രിസ്തുശിഷ്യർ. ഈ ക്രിസ്തുശിഷ്യർക്കുവേണ്ടിയാണ് ഇവിടെ യേശു പ്രാർത്ഥിക്കുന്നത്. ലോകം വെറുത്താലും നിന്നെ പിതാവായ ദൈവം കൈവിടില്ല.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com